LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. കാഷ്യർമാരുടെ ഒഴിവുകൾ

13 (4595) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ കാഷ്യർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പല മേജർ സെക്ഷൻ ഓഫീസുകളിലും ലൈൻമാൻ, മസ്ദൂർ എന്നീ തസ്തികകളിൽ നിന്നും വർക്ക് അറേഞ്ച്മെന്റ് പ്രകാരം കാഷ്യർമാരെ നിയമിക്കുന്നതു കൊണ്ട് മസ്ദൂർ, ലൈൻമാൻ എന്നിവർ ചെയ്യേണ്ട ഫീൽഡ് ജോലിക്ക് മതിയായ ജീവനക്കാർ ഇല്ലാതെ വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാഷ്യർമാരുടെ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തി നികത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ എത്ര കാഷ്യർ തസ്തികയാണ് ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം കോഴിക്കോട് ഐ.ഐ.എം.-ന്റെ കീഴിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായശേഷം മാത്രമേ അനുവദനീയമായ കാഷ്യർ തസ്തികയുടെ എണ്ണം, ഒഴിവുകൾ എന്നിവ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ആയതിനാൽ ഇപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാവില്ല.

ലൈൻമാൻ, മസ്ദൂർ തസ്തികകളിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റിൽ കാഷ്യറായി നിലവിൽ നിയമിക്കുന്നില്ല.

കെ.എസ്.ഇ.ബി.-ക്ക് കീഴിലുള്ള പോൾകാസ്റ്റിംഗ് യൂണിറ്റുകൾ

14 (4596) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് കീഴിൽ സംസ്ഥാനത്ത് എത്ര പോൾകാസ്റ്റിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ എന്നാണ് ഈ യൂണിറ്റ് ആരംഭിച്ചത് ; യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ യൂണിറ്റ് നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) വയനാട്ടിലെ യൂണിറ്റിൽ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നത് ; യൂണിറ്റ് പ്രവർത്തിക്കുന്നില്ലെങ്കിൽ ജീവനക്കാർക്ക് പകരം നിയമനം നൽകിയിട്ടുണ്ടോ ?